ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 29.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ആരോഗ്യം മുതൽ സാമൂഹിക സുരക്ഷ വരെ എല്ലാ മേഖലകളിലും രാജ്യം പൂർണ്ണതയോടെ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും സാമൂഹികസുരക്ഷാ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതായും മൻ കി ബാത്തിൽ പരാമർശം.

**PM Narendra Modi says that the country is making great progress in all areas from health to social security; Most people are availing social security benefits, says PM in Mann Ki Baat.**

2) ഭാരതം ട്രക്കോമ വിമുക്ത രാജ്യമായത് ദശലക്ഷക്കണക്കിന്ജനങ്ങളുടെ കഠിനാധ്വാനത്തിന്റെ ഫലമായാണെന്ന് ശ്രീ നരേന്ദ്ര മോദി.

**India is becoming a trachoma-free country and it is the result of the hard work of millions of people, says Shri Narendra Modi.**

3) അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടങ്ങളെ എക്കാലവും ഓർക്കണമെന്നും, ഭരണഘടനയെ ശക്തമായി നിലനിർത്തണമെന്നും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.

**The Prime Minister calls up for remembering the struggles against the Emergency and keeping the Constitution strong.**

4) കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ജലനിരപ്പുയർന്നതിനെ തുടർന്ന് മുല്ലപ്പെരിയാർ ഡാം തുറന്നു.

**IMD predicts possibility of heavy rain in Kerala; Mullaperiyar dam shutter opens due to rise in water level.**

5) ഇന്ന് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം.

**Today is National Statistics Day.**

6) **US** ഓപ്പൺ ബാഡ്മിന്റൺ സിംഗിൾസ് ഫൈനലിൽ കടന്ന് ഇന്ത്യയുടെ തൻവി ശർമ്മയും ആയുഷ് ഷെട്ടിയും.

**India's Tanvi Sharma and Ayush Shetty enter into the US Open badminton singles final.**

**&&&&&&&&&&&&&&&**

## HEADLINE 1

## MANN KI BAAT -Yoga (intro) & char dham

ആരോഗ്യം മുതൽ സാമൂഹിക സുരക്ഷ വരെ, എല്ലാ മേഖലകളിലും രാജ്യം പൂർണ്ണതയോടെ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 123 --ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിന് രാജ്യത്തും ലോകമെമ്പാടും ലഭിച്ച സ്വീകാര്യത, കൂടുതൽ ആളുകളെ യോഗ സ്വീകരിക്കാൻ പ്രചോദിപ്പിക്കുമെന്ന് ശ്രീ. മോദി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

വളരെക്കാലത്തിനുശേഷം, കൈലാസ മാനസസരോവർ യാത്ര വീണ്ടും ആരംഭിച്ചത് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, സേവനത്തിനുള്ള വലിയ അവസരങ്ങൾ കൂടിയാണ്തീർത്ഥാടനങ്ങൾ എന്ന് അഭിപ്രായപ്പെട്ടു. ഈ യാത്രകൾ ഏക ഭാരതം-ശ്രേഷ്ഠ ഭാരതത്തിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു

&&&&&&&&&&&&&&&

## HEADLINE 2

## MANN KI BAAT- Trachoma

ലോകാരോഗ്യ സംഘടന ഭാരതത്തെ ട്രക്കോമ രഹിത രാജ്യമായി പ്രഖ്യാപിച്ചുവെന്നും, രോഗത്തിനെതിരെ അക്ഷീണം പോരാടിയ ദശലക്ഷക്കണക്കിന് ആളുകളുടെ കഠിനാധ്വാനത്തിന്റെ ഫലമാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു . സ്വച്ഛ് ഭാരത് ദൗത്യവും, ജൽ ജീവൻ മിഷനും, ഈ നേട്ടം കൈവരിക്കാൻ വളരെയധികം സഹായിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&

## MANN KI BAAT- SOCIAL SECURITY

രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും ഇന്ന് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ജനസംഖ്യയുടെ 64 ശതമാനത്തിലധികം പേർക്ക് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നുവെന്ന് ശ്രീ. മോദി

ചൂണ്ടിക്കാട്ടി. 2015 വരെ രാജ്യത്ത് 25 കോടിയിൽ താഴെ ആളുകളിൽ മാത്രമാണ് സർക്കാർ പദ്ധതികൾ എത്തിയിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&

## HEADLINE 3

## MANN KI BAAT-EMERGENCY

അടിയന്തിരാവസ്ഥ അടിച്ചേൽപിച്ചതിന്റെ അൻപതാം വാർഷികം 'സംവിധാൻ ഹത്യ ദിവസ്' ആയി ഏതാനും ദിവസം മുൻപ് രാജ്യം ആചരിച്ചതിനെക്കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രതിപാദിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ ധീരമായി പോരാടിയവരെ എക്കാലവും ഓർക്കണമെന്നും, ഭരണഘടന ശക്തമായി നിലനിർത്താനുള്ള ജാഗ്രത പാലിക്കാൻ ഇത് പ്രചോദനമേകുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&

## MANN KI BAAT-OBESITY + Indian products

അമിതവണ്ണം കുറക്കേണ്ടതിൻറേയും ആരോഗ്യകരമായ ജീവിതശൈലി അവലംബിക്കേണ്ടതിന്റെയും പ്രാധാന്യം പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഭാഷാ, സാംസ്കാരിക വൈവിധ്യത്തോടൊപ്പം, കലകൾ, കരകൗശലവിദ്യകൾ, നൈപുണ്യം എന്നിവ കൊണ്ടും വൈവിധ്യമാകുന്നതാണ് ഭാരതം. മേഘാലയയിലെ എറി പട്ടിന് ഭൗമശാസ്ത്ര സൂചിക പദവി ലഭിച്ചത് പ്രധാനമന്ത്രി പരാമർശിച്ചു. അക്രമരഹിതവും പ്രകൃതിയെ പ്രതികൂലമായി ബാധിക്കാത്തതുമായ

ഉൽപ്പന്നങ്ങൾക്കായുള്ള ആവശ്യം ലോകത്ത് അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും, അതിനാൽ എറി സിൽക്ക് ആഗോള വിപണിക്ക് അനുയോജ്യമായ ഒരു ഉൽപ്പന്നമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്ത് നിർമ്മിച്ച ഉൽപ്പന്നങ്ങൾ മാത്രം ഉപഭോക്താക്കൾ വാങ്ങുകയും, വ്യാപാരികൾ ഇവ വിൽക്കുകയും ചെയ്താൽ, ആത്മനിർഭർ ഭാരത് എന്ന ആശയത്തിന് നവീന ഊർജ്ജം ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&

**MANN KI BAAT EK PED MAAM KE NAAM**

ഏക് പേഡ് മാ കേ നാം പ്രചാരണത്തിന് കീഴിൽ, രാജ്യത്ത് കോടിക്കണക്കിന് മരങ്ങൾ നട്ടുപിടിപ്പിച്ചുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇത്തരം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&

**MANN KI BAAT- Shubamshu+ July 1**

ശുഭാൻശു ശുക്ലയുടെ ബഹിരാകാശ യാത്രയിലൂടെ രാജ്യം ഒരു പുതുചരിത്രം സൃഷ്ടിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജൂലൈ ഒന്ന് ഡോക്ടർമാരുടെയും, ചാർട്ടേർഡ് അക്കൗണ്ടൻറുമാരുടെയും ദിനമാണെന്ന് ഓർമപ്പെടുത്തിയ പ്രധാനമന്ത്രി, രണ്ട് തൊഴിൽമേഖലകളിലുള്ളവരും സമൂഹത്തിൻറെ സുപ്രധാന സ്തംഭങ്ങളാണെന്ന് അഭിപ്രായപ്പെട്ടു. ഭഗവാൻ ബുദ്ധൻറെ

ചിന്തകൾക്ക് രാജ്യങ്ങളെയും സംസ്കാരങ്ങളെയും ആളുകളെയും ബന്ധിപ്പിക്കാൻ ശക്തിയുണ്ട്. ബുദ്ധൻറെ വിശുദ്ധ തിരുശേഷിപ്പുകൾ തായ്‌ലൻഡ്, മംഗോളിയ, വിയറ്റ്നാം എന്നിവിടങ്ങളിലേക്ക് കൊണ്ട് പോയതും, അവിടങ്ങളിൽ വലിയ ആദരവ് ഏറ്റുവാങ്ങിയതും ശ്രീ. മോദി മൻ കി ബാത്തിൽ പരാമർശിച്ചു.

&&&&&&&&&&&&&&&

## PRALHAD JOSHI

കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷി ഇന്ന് തിരുവനന്തപുരത്ത്. ഡോ. ശ്യാമ പ്രസാദ് മുഖർജി അനുസ്മരണത്തോടനുബന്ധിച്ച്, പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ അദ്ദേഹം വൃക്ഷത്തൈ നട്ടു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, പാർട്ടി ദേശീയ നിർവാഹക സമിതി അംഗം പി കെ കൃഷ്ണദാസ് ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുത്തു. ശ്രീവരാഹത്ത് മുതിർന്ന പാർട്ടി നേതാക്കളോടൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 'മൻ കി ബാത്ത്' പ്രഭാഷണം കേന്ദ്രമന്ത്രി കേട്ടു. അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ബിജെപി സംസ്ഥാന തല സെമിനാറിൽ അദ്ദേഹം ഇപ്പോൾ പങ്കെടുക്കുകയാണ്. മാരാർജി ഭവനിലാണ് സെമിനാർ.

&&&&&&&&&&&&&&&

## HEADLINE 4

## RAIN KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന്

മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു വിലക്കുണ്ട്. ഇവിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&

## MULLAPERIYAR

മുല്ലപ്പെരിയാർ ഡാം തുറന്നു. 12 മണിയോടെയാണ് 13 സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയത്. സെക്കൻ്റിൽ 250 ഘന അടി വെള്ളമാണ് പെരിയാറിലേക്ക് ഒഴുക്കുന്നത്. റൂൾ കർവ് ലെവലായ 136 അടിയിൽ ജലനിരപ്പ് നിയന്ത്രിച്ച് നിർത്തുന്നതിൻ്റെ ഭാഗമായാണ് നടപടി. പെരിയാറിന് ഇരുകരകളിലും ഇടുക്കി ജില്ലാ ഭരണകൂടം കർശന ജാഗ്രത ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&

## CM- KANNUR

കേരള പോലീസിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടാകുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പിണറായി പോലീസ് സ്റ്റേഷനായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ മാതൃകപരമായി പിടികൂടാൻ കേരള പോലീസിന് സാധിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE 5

## STATISTICS DAY

ഇന്ന് ദേശീയ സ്റ്റാറ്റിസ്റ്റിക് ദിനം. സാമ്പത്തിക - സ്റ്റാറ്റിസ്റ്റിക് വിദഗ്ദനായ പ്രൊഫസർ പ്രശാന്ത ചന്ദ്ര മഹലനോബിക്സിന്റെ ജന്മ വാർഷിക ദിനമാണ് എല്ലാ വർഷവും ജൂൺ 29 നു ദേശീയ സ്റ്റാറ്റിസ്റ്റിക് ദിനമായി ആഘോഷിക്കുന്നത്. ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷങ്ങൾ കേന്ദ്ര സഹമന്ത്രി റാവു ഇന്ദർജിത് സിംഗ് ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&**

## HEADLINE 6

## US OPEN BADMINTON

ബാഡ്മിന്റണിൽ, ഇന്ത്യൻ ഷട്ട്ലർമാരായ ആയുഷ് ഷെട്ടിയും തൻവി ശർമ്മയും അയോവയിൽ നടക്കുന്ന യുഎസ് ഓപ്പൺ സിംഗിൾസ് ഫൈനലിൽ കടന്നു. യുക്രെൻ താരത്തെ നേരിട്ടുള്ള സെറ്റുകൾക്ക് കീഴടക്കിയാണ് 16 കാരിയായ തൻവി കലാശപോരാട്ടത്തിനു യോഗ്യത നേടിയത്. ഇന്ത്യൻ സമയം രാത്രി 8:30 നാണു ഫൈനൽ. ആയുഷ് ഫൈനലിൽ കാനഡയുടെ ബ്രയാൻ യാങ്ങിനെ നേരിടും.

**&&&&&&&&&&&&&&&**

## CLOUD BURST - UTTARAKHAND

ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിലുണ്ടായ മേഘവിസ്ഫോടനത്തിൽ ഒമ്പത് നിർമ്മാണ തൊഴിലാളികളെ കാണാതായി. SDRF, പോലീസ്, റവന്യൂ വകുപ്പുകളുടെ സംഘങ്ങൾ ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്നലെ രാത്രി മുതൽ

തുടർച്ചയായി പെയ്യുന്ന മഴ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജന ജീവിതം തടസ്സപ്പെടുത്തി.

**&&&&&&&&&&&&&&&&**

## CHAR DHAM YATRA

ഉത്തരാഖണ്ഡിലെ കനത്ത മഴ മുന്നറിയിപ്പിനെ തുടർന്ന് ചാർ ധാം യാത്ര അടുത്ത 24 മണിക്കൂർ താൽക്കാലികമായി നിർത്തിവച്ചു. ഹരിദ്വാർ, ഋഷികേശ്, ശ്രീനഗർ, രുദ്രപ്രയാഗ്, സോൻപ്രയാഗ്, വികാസ് നഗർ എന്നിവിടങ്ങളിൽ തീർത്ഥാടകരെ നിയന്ത്രിക്കാൻ പോലീസിനും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## PURI - STAMPEDE

ഒഡീഷയിലെ പുരി ശ്രീ ഗുണ്ടിച്ച ക്ഷേത്രത്തിന് സമീപം ഇന്ന് പുലർച്ചെ ഉണ്ടായ തിക്കിലും തിരക്കിലും രണ്ട് സ്ത്രീകൾ ഉൾപ്പെടെ മൂന്ന് പേർ മരിച്ചു. പത്തിലധികം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ ആറ് പേരുടെ നില ഗുരുതരമാണെന്ന് റിപ്പോർട്ടുണ്ട്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നു.

**&&&&&&&&&&&&&&&&**
**&&&&&&&&&&**
**&&&**